*Troubles are like babies; they only grow by nursing—Doglas Jerrold.*



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# Lines to a College Student

*(With apologies to Hilairi Belloc)*

Brash and ineffectual youth,
That dared attack my academic truth,
With that poor weapon, half-impelled,
Unlearnt, unsteady, hardly held,
Unworthy for a tilt with men—
Your quavering and corroded logos,
Boy, poor at Bed, and worse at Table
Youth pinched, juvenile starved, truant miserable,
Delinquent stuttering, scamp with roving eyes,
Youngster nervous, child of crudities,
Infant clerical, son ordinary
Mite in the mob and so solitary,
Lothario here and there, youth irreverent
Adolescent puffed and empty, homo emergent
Man middle-class, infant sycophantic,
Student dull, man brutish, scholar pedantic,
Youth hypocritical, boy bad,
Juvenile furtive—pigmy three-quaters mad,
Student, (since one must make an end)
Student, that shall never be my friend.

*"Vinod"*

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# Mentality

*Varghese P. T.*

Class III

THE incessant beating of drums and the alternate sounds of the native horn reached our ears as the successors of the Nile valley civilisation were performing a marriage ceremony. It was the way of the natives of Congo to carry out their marriages on the full moon night when the moon just heads over the eastern mountain peak. The drums and the horn sounded together violently. The final rite was performed. The bride was handed over to the husband-guardian by her father in front of the sacred fire.

In the heart of that African forest we were discussing the best method of selecting a partner in life. Arul was of the opinion that the Indian method of selection by the parents was the best and the most effective. I opposed him sternly and recommended him to follow the American way of marriage. Bala Singh who was partly an anti-American became active and took the American reporter. With an introduction blaming me for my 'nonsensical advice' he read out, "The divorce rate of the Americans is deplorable. Two out of every three marriages end in divorce". Bala Singh compared it with the divorce rates of Indian & African tribes—'1125 per cent among Indian and 0 per cent among African tribes. Tharan asserted that the selection-by-parents method had proved disastrous and the selection by the direct parties method has proved to be most effective and healthy and happy. A discussion followed and the matter was put for the decision of our group elder, Mr. George.

The drums and the horns had stopped. Hundreds of joyous human humdudgeons struck on the eastern mountains and echoed over the dreary noise of the crocodiles diving in the Congo. We saw the glow of the burning native torches of the dispersing groups. The moon was floating like an empty silver tray. In that silvery light wild life was hissing wildly.

George began clamly puffing out the pleasant cigar smoke. "Brothers, all that depends on the mentality of the persons concerned. I cannot bluntly deny that the boy and the girl must be acquainted closely before the marriage. This acquaintance gives them an opportunity to approve or reject as they like or dislike and thus prevents unnecessary disappointments. Out of experience I can say that what people call true love, divine love etc. are all terms that cover your passions. I also suspect if true love is not a myth. When you realise that true love which you had so far been enjoying is a fake or covering you will hate yourself and the world. I shall tell you my own life regarding this point".

George assumed an air of introspection. He threw the end of the cigar he was

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

smoking through the window and continued. "While I was studying in the fourth class in the college I fell in love with a very beautiful girl. Sue I used to call her lovingly. I had to suffer and sacrifice a great deal for cultivating her love. What most appealed to me was her long thick wavy locks. Her face shone brilliantly against her raven wavy curls. I thought the world would be empty and worthless without her. Those locks were like the legendary locks of Mary Magadline. I experienced eternal bliss by patting her locks, kissing and them enjoying their natural scent. We spent our evenings in the public park where the fragrance of the polyathia melted away. Brothers, even now I enjoy that fragrance! We made many promises in that snowy cool moon light".

"Finally I married her against the will of all my relatives. My father advised me not to marry her. His reason was that this marriage would'nt be a success because I had only a temporary passion and no true love. He also said that it was the family character to fall headlong in love and to repent afterwards. I remember his words. "This had held good, for ever and will hold good". I had to quarrel with every relative. But I took it all as light as a feather for I wanted Sue and her beautiful locks."

"We lived away from my relatives. I had a job in a nearby bank. Brothers, my father objected not because he had satisfactory reasons but because Sue was, penniless—she was very poor while his criterion was wealth. Four years passed. Those years were the happiest in my life. I found new charms in her still growing hair day after day. But those happy days were only the last glow of an oil lamp".

"Black clouds came on us all of a sudden. She was stricken with typhoid. The doctor said that her hair which was life must be shaven away. I had to agree to this. I thought of Sue's life only. I came to the hospital in the evening. Sue smiled at me—a sad smile. I was taken aback. I could not believe my eyes. Blood was rushing into my brain. I understood my folly. I had never loved Sue—but only her locks. This realisation almost maddened me. Those locks of her which had placed her amidst the angels had now placed her among the wretches, I hated her and above all myself. I don't know how I could have loved her so long. It was impossible for me to live with her—an ugly woman. So I left her in that anxious condition for I was mad with disappointment. Later on I knew that she and my children were looked after by my father. They know nothing about me".

The weary cry of an owl stopped George for a moment. The jungle cock made his midnight announcement. The sweet fragrance of the wild made us aware all the more of George's heartless behaviour. Endless chains of white clouds passed the moon eastwards and they seemed to say "Love may come and love may go but the world goes on for ever". George continued, "Once when we were sitting in the lone park she had whispered "Darling, will you despise me when I hand on my beauty to your images?" I kissed her long wavy locks and replied. "Never darling, I love you and not your beauty". We kissed each other. Clouds paled the face of the moon. Mr. George's story was a perfect illustration of his theory "Everything depends upon the mentality of the person".

MAR IVANIOS COLLEGE DIGITAL REPOSITORY



SENIOR B. A. STUDENTS 1951-52.   WITH THE STAFF.



SODALITY OF BLESED VIRGIN MARY. ST. THOMAS HOSTEL 1951-52.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# കവിതാചിത്രങ്ങൾ.

G. Vaidyanatha aiyar M. A.

ചിത്രമെഴുത്തു കോയിത്തമ്പുരാന്റെ ശകുന്തള ദമയന്തി തുടങ്ങിയ ആലേഖ്യങ്ങൾ അവാച്യമായ ആത്മസുഖമാണു നമുക്കു നൽകുന്നതു്. നന്ദലാൽബോസ് അവനീന്ദ്രനാഥടാഗോർ തുടങ്ങിയ ബംഗാൾ കലാകാരന്മാരുടെ ചിത്രങ്ങളും വേറൊരുരീതിയിൽ നിർവൃതി തരുന്നു. വിശ്വവിഖ്യാതന്മാരായ ലിയാണാർഡോ റഫേൽ മുതലായ ചിത്രകാരന്മാരുടെ ആലേഖ്യങ്ങളും നിസ്തുല്യമായ ആനന്ദം പ്രദാനം ചെയ്യുന്നു. ചിത്രരഞ്ജനകലകളുടെ മാഹാത്മ്യമാണു് മുകളിൽ പറഞ്ഞ പ്രതിഭാശാലികളുടെ കലാസൃഷ്ടികൾ വെളിപ്പെടുത്തുന്നതു്.

എന്നാൽ ചിത്രമെഴുത്തിനു് ചില പരിമിതികൾ ഉണ്ടെന്നുള്ളതു് വിസ്മരിച്ചുകൂടാ. ഏതെങ്കിലും ഒരുനിമിഷത്തിലെ അവസ്ഥയെ രേഖപ്പെടുത്താനേ അതിനു കഴിയുകയുള്ളു. ചലനാത്ത ചിത്രീകരിക്കാറുണ്ടെങ്കിലും ചലിച്ചുകൊണ്ടിരിക്കുമ്പോഴത്തെ ഒരു നിമിഷത്തെയല്ലാതെ തുടർച്ചയായ ചലനത്തെ രേഖപ്പെടുത്താൻ ചിത്രകലയ്ക്കു സാദ്ധ്യമല്ല. എന്നാൽ സാഹിത്യകല ഇതിൽനിന്നു വിഭിന്നമാണു്. ചിത്രരഞ്ജനത്തിനു കഴിയാത്ത പല കാര്യങ്ങളും സാഹിത്യകലയ്ക്കു രേഖപ്പെടുത്താൻ കഴിയും. തുടർച്ചയായ ചലനത്തെ ചിത്രീകരിക്കാൻ കാവ്യകലയ്ക്കു യാതൊരു പ്രയാസവും ഇല്ല. അതുപോലെ വേറെയും ചില സൗകര്യങ്ങൾ കാവ്യകലയ്ക്കു പ്രത്യേകമായുണ്ടു്.

ഉൽകൃഷ്ടകവികളുടെ കൃതികൾ പരിശോധിച്ചാൽ മേൽപറഞ്ഞ തരത്തിലുള്ള ചിത്രങ്ങൾ എത്രവേണമെങ്കിലും കിട്ടും. കുടിലിലും കൊട്ടാരത്തിലും ഒരുപോലെ തുള്ളിക്കളിച്ച കുഞ്ചന്റെ സരസ്വതി വരച്ചിട്ടുള്ള ആ വാഴത്തോപ്പിന്റെ ചിത്രം ആർക്കാണു മറക്കാൻ കഴിയുന്നതു്!

"പച്ചത്തെളിക്കലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്തപഴങ്ങളും
ഉച്ചത്തിലങ്ങിനെ കണ്ടാൽപ്പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോർത്തുള്ള
മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നിൽക്കുന്നു വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ."

അതിസുന്ദരമായ ഒരു ഉൽപ്രേക്ഷാലങ്കാരം പ്രയോഗിച്ചാണു നമ്പ്യാർ ഈ ചിത്രത്തെ ചേതസ്സമാകർഷകമാക്കിയിട്ടുള്ളതു്.

അടുത്തതായി വള്ളത്തോൾ വരച്ചിട്ടുള്ള ഒരു ജോനകന്റെ ചിത്രം നോക്കാം.

"പിരിമുറുകിവളഞ്ഞമീശ, ചെന്തീ–
പ്പൊരിചിതറുംമിഴി, വട്ടമൊത്തതാടി
ഹരിഹരി യമനും നടുങ്ങുവൊന്നാ–
ക്കരിമലയന്റെ കരാളമായവക്ത്രം."

ഈ ശ്ലോകം വായിക്കുമ്പോൾ ഭയങ്കരസത്ത്വ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

നായ ഒരു ജോനകനെ നാം കൺമുമ്പിൽ കാണുന്നതുപോലെ തോന്നും. അത്രയ്ക്കു നന്നായിട്ടുണ്ട് ഈ ചിത്രം. "യമനും നടുങ്ങും" എന്ന പ്രയോഗമാണു ചിത്രത്തെ സജീവമാക്കുന്നത്.

വെള്ളം കോരാൻ വരുന്ന ചെറുമിയെ ആശാൻ ചിത്രീകരിച്ചിരിക്കുന്നതു കാൺക.

"അപ്പൊഴുതങ്ങൊരുപെൺകൊടിയാൾ ചെറു
ചെപ്പുക്കുടമൊന്നരയ്ക്കുമേലിൽ
അഞ്ചിതമായ് വളമിന്നുമിടങ്കര-
പ്പിഞ്ചുലതകൊണ്ടു ചുററിച്ചേർത്തും
വീശും വലങ്കരവല്ലിയിൽപ്പാളയും
പാശവും ലീലയായ് തൂക്കിക്കൊണ്ടും
ചെററുകുനിഞ്ഞു വലംചാഞ്ഞ പൂമേനി
ചുററിമറച്ച ചെങ്കാന്തിതേടും
പൂഞ്ചേലതൻതല പാർശ്വത്തിൽ പാറിച്ചും
ചാഞ്ചാടിവയ്ക്കുമടിത്തളിരിൽ
ലോലപ്പൂമ്പാദസരത്തിലെ കിങ്കിണീ-
ജാലം കിലുങ്ങി മുഴങ്ങുമാറും
മന്ദമട്ടന്നുള്ളോരുത്തരിൽ നിന്നോമലാൾ
വന്നണയുന്നു വഴിക്കിണററിൽ."

ഈ ചിത്രവും അസ്സലായിട്ടുണ്ട്. ചെറുമിയുടെ കാലിൽ കിലുങ്ങുന്ന പാദസരത്തിന്റെ മുഴക്കംപോലും നമുക്കു കേൾക്കാൻ കഴിയുന്നു. ഇതു് ഒരു ചിത്രകാരനു വെളിപ്പെടുത്താൻ സാധ്യമല്ലാത്ത കാര്യമാണെന്നു കൂടി ഓർക്കേണ്ടതുണ്ട്.

ഇനി ഉള്ളൂർ വരച്ചിട്ടുള്ള നരസിംഹമൂർത്തിയുടെ ചിത്രം പരിശോധിക്കാം.

"അക്കണ്ണുതും കനൽക്കട്ടയെപ്പോലെപ്പുമായ് ത്തുറിച്ചുക-
ണ്ണാക്കൊലക്കട്ടാരിനാക്കൊച്ചുള്ളക്കാളും ഗളം
അച്ചലമ്മദോഗ്രഭ്രൂ വാത്തിങ്കൾപ്പൊളിദ്രംഷ്ട്ര
യാസ്സടാഘടാകല്പഭീമരമാമാസ്യമരിദ്രം,
അക്കുളുത്തവെരക്കമ്പിയെപ്പോത്തു നീണ്ടെഴും രോമ
മാകൃതാന്താസൃക്പാനതൃപ്യപാത്രമാംനഖം
ആയിരക്കോടിക്കണക്കേർചേന്ദ്രദിച്ചോര-
ക്കായം—ഉൾക്രോധത്തിതൻ മൂർത്തമാംവിജൃംഭണം,
ആക്കണ്ണും സിംഹാകാര മപ്പുറം നരാകാരം—
ഭീകരം—രോമാഞ്ചദം—മൂർച്ഛനം സന്ദാഹകം."

ഒരു കലാമർമ്മജ്ഞൻ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ 'വായിക്കുവാൻ ക്ലേശമുള്ള ഈ വരികൾ' നോക്കുവാൻ കഴിയാത്ത ഒരു സത്വത്തെയാണു വർണ്ണിക്കുന്നതെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

പള്ളത്തു രാമൻ വരച്ചിട്ടുള്ള ഒരു മുതലാളിയുടെ ചിത്രമാണു് അടുത്തതായി നോക്കുവാനുള്ളതു്.

"തെന്നലാൽ തെങ്ങിൻതൈകൾ വീശിത്തു വിയർപ്പേറ്റും
തന്നനിലലാടത്തിൽപ്പെ ടിപ്പിച്ചീടാതെയും
ഇളന്നീരാലേ ഗളനാളാഭിഷേകം ചെയ്തും
തളിർമാന്തളത്തഴനിഴൽത്താവളമാന്നും
എളിയോരിജ്ജീവിതം വിളറിവിറക്കൊണ്ടു
തളരാറാക്കും ചുട്ടവാർചില്ലിചുളിപ്പിച്ചും
ഗർവാധികാരങ്ങൾ തൻ ഗൗരവം വിളയുന്ന
തീവ്രദൃഷ്ടികൾ മറിഞ്ഞുതറയ്ക്കും വിധമെത്തും
മേലാളുണ്ടിരിക്കുന്നു—ഗൗരവച്യുതിയേതു
മേലായ്‌വാനഭ്യസ്തമാം ഭാവമോടഭിമാനി."

വർണ്ണനോജ്ജ്വലമല്ലെങ്കിലും ഈ ചിത്രവും നന്നായിട്ടുണ്ടെന്നു സമ്മതിക്കണം.

ഇതേവരെ നാം പരിശോധിച്ച ചിത്രങ്ങൾ പ്രായേണ ബാഹ്യാകൃതിയെ സംബന്ധിക്കുന്നവയാണു്. എന്നാൽ മാനസികങ്ങളായ പ്രവർത്തനത്തിന്റെ ചിത്രംവരയ്ക്കാനും കവികൾക്കു് സാധിച്ചിട്ടുണ്ട്. അതിൽ അവർ ചിത്രകാരന്മാരെ തുലോം അതിശയിക്കുന്നുമുണ്ട്. ഒന്നുരണ്ടു് ഉദാഹരണങ്ങൾ കാണിക്കാം.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ബുദ്ധശിഷ്യനായ അനന്ദനെ കണ്ട ദിവസം മാതംഗിക്കുണ്ടായ പാരവശ്യത്തെ ആശാൻ ചിത്രീകരിച്ചിരിക്കുന്നതു് ഇങ്ങനെ യാണു്.

"അഴകേറും ഭിക്ഷു, വ്യമപ്പേരാലും
വഴിയും കിണറും പരിസരവും
ഒഴിയാതവളഹോ മുമ്പിൽ കണ്ടു
മിഴിയടച്ചിന്നാലുമല്ലെന്നാലും
തനിയേ തുടർന്നെഴും ചിന്തനിത്താൻ
തൻഗാത്രിയാളായില്ലെന്നല്ലയ്യോ!
നിനവുംകിനാവുമഭിന്നമായി
മനതാർ കുഴങ്ങിവലഞ്ഞു ബാല-
നെട്ടരാത്രി നീങ്ങാഞ്ഞു നിർവേദത്താൽ
പിടയും തൻ ശയ്യയിൽ പേലവാംഗി
... ... ... ... ... ...
... ... ... ... ... ...
വിരാത്തിതവൾ ഭ്രതപീഡയാലോ
ജ്വരസാംഭ്രമത്താലോയെന്നവണ്ണം
അറയിൽത്താനേകയായിപ്രകാരം
പറവാനാകാത്തൊരിയാമയത്താൽ
ശബളിതഭാവയിവളകമേ
വിപുലമാം പുണ്യവികാസത്താലേ
ശബരാലയത്തിന്നിരുട്ടറയിൽ
സപദിയൊതുങ്ങാതുഴൽകയാവാം."

മാതംഗിയുടെ മനസ്സിൽ അലയടിക്കുന്ന വിവിധ വികാരങ്ങളെ എത്ര പ്രഗത്ഭമായിട്ടാണു് കവി ചിത്രീകരിച്ചിരിക്കുന്നതു്. പറയത്തക്ക അലങ്കാരങ്ങളൊന്നും പ്രയോഗിച്ചിട്ടില്ലെന്നുള്ളതും പ്രസ്താവ്യമാണു്. ചിത്രകലയ്ക്കു് ഈ വിദ്യ സാദ്ധ്യമല്ലെന്നുള്ളതു് സ്പഷ്ടമാണല്ലോ.

സമാധിസ്ഥനായ ശിവന്റെ ചിത്രം മഹാകവി കാളിദാസൻ വരച്ചിരിക്കുന്നതു കാൺക.

"കാർകൊണ്ടുമിണ്ടാത്തൊരുകൊണ്ടൽപോലെ
കല്ലോലമില്ലാതെഴുമാഴിപോലെ
കാട്ടിൽപ്പെടാദ്ദീപവുമെന്നപോലെ
നിഷ്പന്ദമായു് പ്രാണനടക്കിവെച്ചും"

സമുചിതങ്ങളായ മൂന്നു സാമ്യോക്ത്യലങ്കാരങ്ങൾ പ്രയോഗിച്ചാണു് കാളിദാസൻ ഈ ചിത്രം വരച്ചിരിക്കുന്നതു്. എത്രവ്യക്തമായ ഒരു ചിത്രമാണു് നമ്മുടെ ഹൃദയഭിത്തിയിൽ പതിയുന്നതെന്നു് നോക്കുക. ഏതു സാഹിത്യം പരിശോധിച്ചാലും ഈ ചിത്രത്തിനോട്ടു് കിടപിടിക്കുന്ന ചിത്രങ്ങൾ ദുർല്ലഭമായിരിക്കും. അത്രത്തോളം മഹനീയമാണിതു്. ഇതിന്റെ ആലോചനാമൃതത്വം അവർണ്ണ്യമെന്നല്ലാതെ എന്തു പറയാം!

രണ്ടു മാതിരി ചിത്രങ്ങളാണു് നാം ഇവിടെ കണ്ടതു്. ഒന്നു് ബാഹ്യരൂപങ്ങളെ സംബന്ധിക്കുന്നവ. മറെറാന്നു് ചിത്തവൃത്തികളെ സംബന്ധിക്കുന്നവ. രണ്ടും രണ്ടു രീതിയിൽ മനോഹരങ്ങളാകുന്നു. ആദ്യത്തെ മാതിരിയിലുള്ളവ ചിത്രരഞ്ജനകലയുടെ ധർമ്മത്തെ കുറെക്കൂടി നിപുണമായി നിർവ്വഹിക്കുന്നു. രണ്ടാമത്തെ മാതിരിയിലുള്ളവയാകട്ടെ ചിത്രരഞ്ജനത്തിനു പിടികിട്ടാത്ത രീതിയിൽ ആലോചനാമൃതമായി കലാധർമ്മം നിർവഹിക്കുന്നു.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# കണ്ണീർക്കണികകൾ.

(ജി. ഉണ്ണികൃഷ്ണൻ)

പാലകൾ പൊഴിക്കുന്ന
പുത്തനാം പരിമളം
പാതിയും പരത്തിക്കൊ-
ണ്ടെത്തിയോരിളംതെന്നൽ,
വാനവും പാരും തമ്മിൽ
മൂകരായ് മുഖംനോക്കി
പ്പൂനിലാവൊളിയിങ്കൽ
പൂർണ്ണനിശ്ചലം നില്ക്കേ,
അക്കഥയറിയാതെ,
പത്രരാജിയിലെല്ലാം
കിക്കിളിചാർത്തി; പക്ഷെ
ഗദ്ഗദം മാത്രം പൊങ്ങി.
കൺകളും കരങ്ങളും
കോർത്തു നാം പരസ്പരം
മിണ്ടുവാനാവാതങ്ങു
നിന്നൊരാനേരത്തിങ്കൽ
കണ്ടു ഞാൻ വിശദത്തിലെ
പ്രേമഭാവനയെല്ലാം
രണ്ടു നീണ്ടിടംപെട്ടാ-
കൺകളിൽ കളിപ്പതായ്!
നീലമാമാകാശത്തിൽ
താരങ്ങൾപോലെ നിൻെറ
നീലക്കാർ കുഴലിങ്കൽ
ഫുല്ലമാം മുല്ലപ്പൂക്കൾ
തങ്ങിനിന്നിരുന്നതാ
വിങ്ങലിന്നിടയിലും
കണ്ടതായ്ക്കാണുന്നു ഞാ-
നിന്നുമെൻ ഹൃദന്തത്തിൽ.

നിശ്ചലം നിശീഥിനി,
നീളുന്ന നിമേഷങ്ങൾ,
നിച്ചലും വിളിച്ചോതി
കോഴികൾ സമയത്തെ
മായിക നിമിഷങ്ങൾ
മായവേ മന്ദം മന്ദം
മാരകം വ്യഥയാലേ
മങ്ങിയ മിഴിക്കോണാൽ
ആയിരം വാചാലമാം
നാവുകൾ വർണ്ണിക്കാത്ത
വേദനജനിപ്പിക്കും
ഭാവവൈവശ്യം മുററും
മൂകമാം ശോകത്താലേ
മാഴ്കുമെൻ ഹൃദന്തത്തി-
ലാകയും പകർന്നു
മായുമോ, മറയുമോ?
ഭിന്നമാം മാർഗ്ഗത്തൂടെ
വന്ന രണ്ടാത്മാക്കളീ
മന്നിൽവച്ചടുത്തു
തങ്ങളിൽ പിരിയാനോ?
എന്തിനായ് സന്ധിച്ചു നാ-
മെന്തിനീ മന്നിൽവെച്ചീ-
സ്വാന്തത്തെ നീററുന്നതാം
വേദന ചുമക്കാനോ?
ജീവിതമനന്തമാം
ശോകത്തിൻ കഥയായി
ത്തീ വിഴുങ്ങുവാനാണു
നമ്മൾ തൻ വിധിയെങ്കിൽ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

എന്തിനായ് സന്ധിച്ചു നാ-
മെന്തിനീമന്നിൽവെച്ചീ-
സ്സ്വാന്തത്തെ നീറുന്നതാം
വേദനചുമക്കാനോ ?
സ്വാന്തത്തെ വെണ്ണീറാക്കും
ചിന്തതൻ പന്തങ്ങളെ-
ന്നന്തരാത്മാവിൽ കത്തു-
ന്നോർമ്മയാം നാളങ്ങളിൽ.
ദീർഘവാസരങ്ങളേ,
നിങ്ങളീവിയോഗാഗ്നി
യാറ്റുവാൻ ശ്രമിച്ചാലും-
ആറുകില്ലൊരുനാളും.
അന്ത്യനാഴികയിങ്കൽ
ക്കൂടിയും ഭവദീയ
ച്ചിന്തയാലെരിഞ്ഞൊരീ
ജീവിതം തകരുമ്പോൾ,
സ്വാന്തത്തെ നീറ്റിച്ചോരി
ഷ്പന്തങ്ങളെല്ലാം കെട്ടിട്ട-
ന്തികേയൊരുപിടിച്ചാ-
മ്പലായൊട്ടുങ്ങുമ്പോൾ,
രണ്ടു നീർക്കണികക-
ളാമനോഹരമാകും
രണ്ടു കൺകോണുകൾ വിട്ടാ-
പതിച്ചിരുന്നെങ്കിൽ !

* * * *

ജീവിതാധ്വാവിൽക്കാണും
കണ്ടകപടലങ്ങൾ
ദൈവികപ്രഭാവത്താൽ
പൂക്കളായ് ഭവിച്ചേക്കാം.

# 'അച്ഛനിന്നുജീവിച്ചിരുന്നുവെങ്കിൽ'

(George K. G. IV. U. C.)

സോമൻ! അതെ, അവൻ ഇന്നു ഗൃഹനാഥനാണു്. കഷ്ടാരിഷ്ടതകളുടെ നടുവിൽക്കിടന്നു് നട്ടം തിരിയുന്ന ഒരു അദ്ധ്യാപകനോ കിട്ടുന്ന ശമ്പളംകൊണ്ടു മതിയാകാതെ കടംവാങ്ങി മാസങ്ങൾ തള്ളിവിടുന്ന ഒരു ഗൃഹസ്ഥനോ അല്ലായിരുന്നു അവൻ. ഒരു വിധം സുഖമായി കഴിയുവാനുള്ള വസ്തുവകകൾ അവനുണ്ടു്. എങ്കിലും സദാ ഒരു അസംതൃപ്തി അവനിൽ കാണുമാറുണ്ടായിരുന്നു.

ജീവിതം അവനു സന്തോഷം നൽകിയില്ല. ഒരു കുഞ്ഞുണ്ടായിരുന്നതു് ഒരിക്കലും അമ്മയെ വിട്ടുപിരിഞ്ഞിരിക്കയില്ല. ഭാര്യ ജാനുവോ ഒരു രോഗിണി. അവളുടെ ശരീരം നാൾക്കുനാൾ മെലിഞ്ഞും ക്ഷീണിച്ചും കാണപ്പെട്ടിരുന്നു. മരുന്നുമായുള്ള അഭേദ്യമായ ദിനചര്യയാൽ അവൾക്കും ജീവിതത്തിൽ മുഷിവുതന്നെ. കുഞ്ഞിനാണെങ്കിൽ ആദ്യം കരപ്പന്റെ ഉപദ്രവമായിരുന്നു. അതു ശമിച്ചപ്പോൾ ദേഹമാസകലം ചൊറി ബാധിച്ചു. ചൊറി മാറിയപ്പോൾ ചുമയായി.

സോമൻ ഒരു ചിന്തകനല്ലായിരുന്നു. എങ്കിലും അവനു ചിന്തയൊഴിഞ്ഞ സമയം കുറവായിരുന്നു. "പട്ടിണി കിടക്കുന്നവർ പണം കിട്ടാൻ കൊതിക്കും. പണക്കാരോ ആരോഗ്യത്തിനായി ശ്രമിക്കും. ആരോഗ്യവും പണവുമുള്ളവർ ബുദ്ധിയില്ലാതെ വിഷമിക്കും. ആരോഗ്യവും പണവും, ബുദ്ധിയുമുള്ളവർ അഴകില്ലല്ലോ എന്നു് വിഷാദിക്കും. ഇതാണു് ലോകസ്ഥിതി — എല്ലാം തികഞ്ഞവർ ഭൂമിയിൽ എത്രപേരാണുള്ളതു്? സാമ്പത്തികസമത്വത്തിനു പരിഹാരം കണ്ടുവെന്നു വരികിലും മറ്റുള്ളവയോ?" ഈ വിധത്തിലായിരുന്നു അവന്റെ ചിന്താഗതി.

ഒരു ദിവസം ചിന്താനിമഗ്നനായിരുന്ന ഭർത്താവിനോടു ജാനു ചോദിച്ചു. "എന്തിനാണു് ഇങ്ങനെ എപ്പോഴും ചിന്തയിൽ മുഴുകിക്കഴിയുന്നതു്. വല്ല രാജ്യവും പിടിച്ചടക്കാൻ പ്ലാനിടുകയാണോ?" സോമൻ അതിനു മറുപടിപറയാതെ "നിന്റെ ചുമയ്ക്കു കുറവുണ്ടോ?" എന്നു ചോദിച്ചു. "ഷാപ്പിലെ മരുന്നു സേവിച്ചതിനുശേഷം അല്പംവേണ്ടില്ല; എങ്കിലും നെഞ്ചുവേദന പഴയപോലെ തന്നെ. എന്തായാലും ഇനി മരുന്നൊന്നും വേണ്ട. നിങ്ങളുടെ ഈ ചിന്താഗതിക്കു മാറ്റമുണ്ടായെങ്കിൽ........" ജാനു പറഞ്ഞവസാനിപ്പിക്കുന്നതിനു മുൻപു് തൊട്ടിലിൽ ഉറങ്ങിക്കിടന്നിരുന്ന കുഞ്ഞു് ഉണർന്നു കരയാൻ തുടങ്ങി. അവൾ പെട്ടെന്നു് ഓടിച്ചെന്നു്

ഓമന-തിങ്കൾക്കിടാവോ-നല്ല  
കോമള-താമരപ്പൂവോ.  
പൂവിൽ-നിറഞ്ഞമധുവോ-പരി  
പൂർണ്ണേന്ദു തന്റെ നിലാവോ.

എന്നു താരാട്ടുപാടി കുഞ്ഞിനെ ഉറക്കുവാൻ ശ്രമിക്കുന്നതു് സോമനു കാണാമായിരുന്നു.

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

ശൈശവം എത്ര രമണീയം! എത്ര ആനന്ദകരം! കളങ്കമെന്തെന്നറിയാതെ അമ്മയുടെ അമ്മിഞ്ഞയും കുടിച്ച്, നിറഞ്ഞ വയറോടെ കാലും കൈയുമടിച്ച് തൊട്ടിലിൽ കിടന്ന് താരാട്ടുപാട്ടും കേട്ട് മയങ്ങിക്കിടന്ന ആ കാലം എത്ര സന്തോഷകരം. കഷ്ടം! ആ കാലമെല്ലാം പോയ്മറഞ്ഞു. ഇങ്ങനെ പറഞ്ഞു സോമൻ നെടുതായി ഒന്നു നിശ്വസിച്ചു.

* * * * * * * *

സോമൻ അച്ഛനും അമ്മയ്ക്കുംകൂടി വളരെക്കാലത്തെ നേർച്ചകളുടെ ഫലമായി ദൈവം നൽകിയ ഏക സന്താനം. ബാല്യത്തിൽ സോമൻ എന്തു ചോദിച്ചാലും അമ്മ ഇല്ലെന്നു പറയാറു പതിവില്ല. അത്രയ്ക്കു സ്നേഹമാണ് സോമനോട് അമ്മയ്ക്ക്. അച്ഛന്റെ സ്വഭാവം അതല്ല. മകൻ എന്തുപറഞ്ഞാലും അതിനെ എതിർക്കുകയായിരുന്നു അദ്ദേഹത്തിന്റെ പതിവ്. പട്ടാളത്തിലും പോലീസിലും കാണാത്ത ശിക്ഷണം—അതാണ് അച്ഛൻ സോമനു നൽകിവന്നതു്. "വാച്ചുവടിയിൽ നിർത്തണം പിള്ളേരെ" അദ്ദേഹം കൂടക്കൂടെ പറയാറുള്ള ഒരഭിപ്രായമായിരുന്നു അതു്. നിസ്സാരമായ കുററങ്ങൾക്കു് അദ്ദേഹം നീണ്ട ചൂരൽകൊണ്ടു് കൈയിലും പൃഷ്ഠത്തിലും നൽകിയ പ്രഹരമേററു് സോമൻ പുളയുന്നതു് അവന്റെ അമ്മ കണ്ടിട്ടുണ്ടു്. അപ്പോഴെല്ലാം മകനെവേണ്ടി വക്കാലത്തു പിടിച്ചു് "മരുന്നിനു് അവൻ ഒന്നല്ലേ നമുക്കുള്ളൂ എന്തിനു് അവനെ അടിച്ചുകൊല്ലുന്നു" എന്നു് ആ പുത്രവത്സല വാദിക്കാതിരുന്നിട്ടില്ല. "ഒന്നേ ഉള്ളൂ എങ്കിലെന്തു്? നേരെ വളർന്നില്ലെങ്കിൽ എന്തിനാകൊള്ളാം" അതായിരുന്നു അദ്ദേഹത്തിന്റെ അപ്പോഴത്തെ സമാധാനം.

സോമനു പതിനെട്ടു വയസ്സു കഴിഞ്ഞു. പഠിക്കുന്നതു് ജൂനിയർ ഇൻറർമീഡിയററിൽ. സന്ധ്യയ്ക്കുമുമ്പു് വീട്ടിലെത്തണം. ഏഴു മണിക്കു പഠിക്കാനിരിക്കണം. പത്തു മണിക്കു കിടക്കണം. രാവിലെ അഞ്ചു മണിക്കു് ഉണരണം. ഒൻപതര മണിക്കു് നേരെ നടന്നു കാളേജിൽ എത്തണം. ഇതിനു് എന്തെങ്കിലും വ്യത്യാസംകണ്ടാൽ മകന്റെ പ്രായം ഗണിക്കാതെ അച്ഛൻ ചൂരലുമായി പ്രത്യക്ഷപ്പെടും. ലേശംപോലും സ്വാതന്ത്ര്യമില്ലാത്ത ഈ ജീവിതത്തിൽ സോമനു വെറുപ്പു തോന്നിത്തുടങ്ങി— "അച്ഛനെന്തിനാണു് എന്നെ ഇങ്ങനെ കൂട്ടിലടച്ചു വളർത്തുന്നതു്?" ഇങ്ങനെ അവൻ ചിലപ്പോൾ ചിന്തിക്കാറുണ്ടു്.

ദിനരാത്രങ്ങൾ കുറെയങ്ങനെ ചാടിക്കടന്നുപോയി. ഒരു ദിവസം അവന്റെ ആത്മമിത്രങ്ങളിൽ ചിലർ അവനോടു സ്നേഹപൂർവം പറഞ്ഞു. "ഈ ഇരുപതാം നൂററാണ്ടിൽ ജനിക്കേണ്ടവനല്ല നീ. വിദ്യാർത്ഥികൾക്കു് അണുതം വേണ്ടേ! നിന്നെപ്പോലെ അടിമയായി ആരു ജീവിക്കും." സോമനു് അവർ പറഞ്ഞതു് അക്ഷരംപ്രതി ശരിയാണെന്നുതോന്നി. അച്ഛനെ എതിർക്കുവാൻ അവൻ നിശ്ചയിച്ചു. സ്വാതന്ത്ര്യസ്ഥാപനത്തിനു് അവൻ കണ്ട മാർഗ്ഗം അതായിരുന്നു.

അടുത്ത ഞായറാഴ്ച ദിവസം അച്ഛന്റെ അനുവാദം കൂടാതെ സോമൻ കൂട്ടുകാരുമൊത്തു സിനിമാകാണാൻ സന്ധ്യയ്ക്കു മുമ്പു വീട്ടിൽനിന്നും ഇറങ്ങി. മടങ്ങി വന്നപ്പോൾ നേരം പത്തു മണി കഴിഞ്ഞിരുന്നു. കൈയിൽ ചൂരലുമായി കോപാവേശത്തോടെ അച്ഛൻ നിൽക്കുന്നതു കണ്ടുവെങ്കിലും അവൻ അകത്തേയ്ക്കു സധൈര്യം നടന്നു.

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

"തെററു ചെയ്തതും പോരാ ധിക്കാരവുമോ" എന്നു ഗജ്ജിച്ചുകൊണ്ടു് അദ്ദേഹം സോമനെ ശാസിച്ചു. അനന്തരം പതിവുപോലെ ശിക്ഷയ്ക്കാരംഭമായി—സീൽക്കാരത്തോടെ പതിച്ചു തുടങ്ങിയ ചൂരൽപ്രഹരം കുറെയേററപ്പോൾ അവൻ അക്ഷമനായി. പണ്ടത്തെ സഹനശക്തി അവനെ വിട്ടകന്നു. പൌരുഷം പെട്ടെന്നു തലപൊക്കി. "ഇല്ല ഇനി ഇതു ഞാൻ സഹിക്കുകയില്ല" എന്നു പറഞ്ഞുകൊണ്ടു സോമൻ അച്ഛന്റെ കൈയിൽ നിന്നു ചൂരൽ തട്ടിപ്പറിച്ചു മുട്ടിൽ വച്ചൊടിച്ചു ദൂരെയെറിഞ്ഞു. അപ്രതീക്ഷിതമായ മകന്റെ ആ പ്രവൃത്തി അച്ഛനെ ഇടിവെട്ടേററാലെന്നപോലെ സ്തബ്ധനാക്കി. അന്നു് ആ വീട്ടിൽ ആരും അത്താഴം കഴിച്ചതുമില്ല.

അടുത്ത ദിവസം പ്രഭാതത്തിൽ സോമന്റെ ധീരകൃത്യത്തെപ്പററി കേട്ടറിഞ്ഞ അവന്റെ മിത്രങ്ങൾ അവനെ "ഒരു കൊച്ചു വിപ്ലവകാരി" എന്നു പറഞ്ഞു് അഭിനന്ദിച്ചു. അവരെ പറഞ്ഞയച്ചതിനുശേഷമാണു് സോമൻ കാപ്പികുടിക്കാൻ ചെന്നതു്. മകനെ കണ്ടപ്പോൾ "എന്താണു നീ ഇന്നലെ അച്ഛനോടു കാണിച്ചതു്" നിനക്കറിഞ്ഞുകൂടാ അദ്ദേഹം നിന്നെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു്. എന്നെ വിവാഹം ചെയ്തപ്പോൾ അദ്ദേഹത്തിനു ഒററക്കാശിനു പോലും മുതലുണ്ടായിരുന്നില്ല. എത്ര ദിവസം ഞങ്ങൾ പട്ടിണി കിടന്നിട്ടുണ്ടെന്നു നിനക്കറിയാമോ? ഞങ്ങളനുഭവിച്ച ദുഃഖത്തിന്റെ ആയിരത്തിലൊരംശമെങ്കിലും നീ അനുഭവിച്ചിരുന്നുവെങ്കിൽ.......... എന്നു മാത്രം പറഞ്ഞു് അമ്മ നെടുവീർപ്പുവിട്ടു.

അന്നു സന്ധ്യയായിട്ടും സോമന്റെ അച്ഛൻ കിടന്ന കിടപ്പിൽനിന്നു് എഴുന്നേല്ക്കയാകട്ടെ, ആഹാരം വല്ലതും കഴിക്കുകയാകട്ടെ ചെയ്തില്ല. ഭാര്യയുടെ കൃത്യം നിർവഹിക്കുവാൻ നിശ്ചയിച്ചുകൊണ്ടു് സോമന്റെ അമ്മ ഭർത്താവിന്റെ സമീപമെത്തി. കണ്ണുനീരിൽ കുളിച്ചു് അവിടെ കിടന്നിരുന്ന അദ്ദേഹത്തോടു് ആ പതിദേവത പലതും പറഞ്ഞു നോക്കി. ഫലമുണ്ടായില്ല. ഒടുവിൽ പരിഭവത്തോടെ പറയാൻതുടങ്ങി. "അവനു പ്രായമായില്ലെ ഇനിയും അവനെ അടിക്കുന്നതു ശരിയാണോ? അവൻ കാളേജിൽ പോയാൽ മടങ്ങി വരുന്നതുവരെ ആയിരം പ്രാവശ്യം സോമൻ വന്നോ, വന്നോ എന്നു ചോദിക്കും. വന്നു കഴിഞ്ഞാൽ വഴക്കും തുടങ്ങും. ഇങ്ങനെയായാൽ"...... അദ്ദേഹം വികാരപരവശനായി എണീററു "മതി മതി പറഞ്ഞതു മതി. ലോകത്തിലുള്ള സകലതിനേയുംകാൾ ഞാൻ അവനെ സ്നേഹിച്ചു. അതിനു ഫലവും കിട്ടി." ഇനി ഞാൻ അവനെ തൊടില്ല. നിങ്ങളുടെ ഇഷ്ടം പോലെ നടക്കട്ടെ" എന്നു പറഞ്ഞു് അദ്ദേഹം പുറത്തേയ്ക്കു കടന്നു.

അച്ഛനും അമ്മയും തമ്മിലുണ്ടായ സംഭാഷണം മുഴുവൻ അടുത്തമുറിയിൽ ഇരുന്ന സോമൻ സ്പഷ്ടമായി കേൾക്കയുണ്ടായി. അവന്റെ ഉള്ളിൽ ഒരു മിന്നൽപ്പിണർ പാഞ്ഞു കയറുന്നതു പോലെ അവനു തോന്നി.

ദിവസങ്ങൾ പലതും കഴിഞ്ഞു. അച്ഛനും മകനും പരസ്പരം നോക്കാറില്ല സംസാരിക്കാറുമില്ല. ശൂന്യതയുടെ ഇരിപ്പിടമായിട്ടു തീർന്നു ആ ഗൃഹം. അയൽവാസികളിൽ ഒരുവൻ ഒരിക്കൽ പറയുന്നതു സോമൻ കേൾക്കയുണ്ടായി. "വേവലാതി പിടിച്ച അച്ഛൻ, ആവലാതിപറയുന്ന അമ്മ, അലവലാതിയായ മകൻ—പിന്നെ വീടെങ്ങനെ നന്നാകും" എന്നു്.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

കുറെ ദിവസങ്ങൾ നീങ്ങി. സൈക്കിളിൽനിന്നുവീണു എന്നൊരു കാരണം സോമൻ സന്നിപാതജ്വരം പിടിപെട്ടു കിടപ്പിലായി. രോഗം വർദ്ധിച്ചതല്ലാതെ കുറഞ്ഞില്ല. ഒരാൾമാത്രം അവന്റെ അരികിൽ ഒരു ഭ്രാന്തനെപ്പോലെ സദാ ഇരിക്കുന്നുണ്ടായിരുന്നു. ചിലപ്പോൾ അദ്ദേഹം ഉറുമാലകൊണ്ടു കണ്ണുനീർ തുടയ്ക്കുന്നതു കാണാം. മറ്റു ചില സമയങ്ങളിൽ ആരും കാണാതെ ഉമ്മറത്തു പോയിരുന്നു കുഞ്ഞുങ്ങളെപ്പോലെ കരയുന്നതും കാണാം. അതു സോമന്റെ അച്ഛനല്ലാതെ മറ്റാരുമായിരുന്നില്ല. ആ കാലങ്ങളിൽ അവനെ ആത്മാർത്ഥം സ്നേഹിച്ചവരിൽ ഒരുത്തനെങ്കിലും അവിടെ എത്തിനോക്കുകപോലും ചെയ്തില്ല.

അച്ഛൻ ചൊരിഞ്ഞ കണ്ണീരിനു ഫലമുണ്ടാകാതിരുന്നില്ല. സോമന്റെ രോഗത്തിനു ക്രമേണ കുറവുണ്ടായി. അച്ഛന്റെ ഹൃദയം അവൻ അറിഞ്ഞു. സ്നേഹത്തിന്റെ ആഴം അപ്പോഴാണു് അവന്റെ മനസ്സിലായതു്. അടിമത്വത്തിന്റെ പേരിൽ കാട്ടിക്കൂട്ടിയ പേക്കൂത്തിനെയോർത്തു് അവൻ നടുങ്ങി. ചെയ്തുപോയ അപരാധത്തിനു് അച്ഛനോടു ക്ഷമായാചനം ചെയ്യാൻ അവൻ പലപ്പോഴും തയ്യാറായി. പക്ഷെ ലജ്ജ അതിനു് അവനു് അവസരം നൽകിയില്ല.

രണ്ടാഴ്ച കഴിഞ്ഞപ്പോൾ സോമനു പരിപൂർണ്ണസുഖം കിട്ടി. എന്നാൽ അവന്റെ കഷ്ടകാലത്തിനു് അച്ഛൻ സന്നിപാതജ്വരത്തിനധീനനായി. അദ്ദേഹത്തിനു രോഗം നാൾക്കുനാൾ വർദ്ധിച്ചതല്ലാതെ കുറവുണ്ടായില്ല. മോഹാലസ്യം ബാധിച്ച അദ്ദേഹത്തെ ഡാക്ടർ പരിശോധിച്ചു. നിർദ്ദേശമനുസരിച്ചു കുത്തിവയ്ക്കുവാനുള്ള മരുന്നു വാങ്ങിക്കുവാൻ സോമൻ അല്പം അകലെയുള്ള ഷാപ്പിലേയ്ക്കു ബദ്ധപ്പെട്ടു തിരിച്ചു. അവൻ മരുന്നുംകൊണ്ടു മടങ്ങി വന്നപ്പോഴേയ്ക്കും അച്ഛൻ ഇഹലോകവാസം വെടിഞ്ഞിരുന്നു. ഡാക്ടർ സോമനെ ആശ്വസിപ്പിക്കുവാൻ പലതും പറഞ്ഞു് അവിടം വിട്ടു. സ്വാതന്ത്ര്യം കാംക്ഷിച്ചു് അച്ഛനോടെതിർത്ത അവൻ അതിപരവശനായി. "അച്ഛാ, എന്റെ പ്രിയപ്പെട്ട അച്ഛാ, എനിക്കു മാപ്പു തരണേ അറിവില്ലാതെ ചെയ്തുപോയ എന്റെ തെറ്റു് അവിടുന്നു ക്ഷമിക്കണേ" എന്നു പറഞ്ഞു നിലവിളിച്ചുകൊണ്ടു് ആ മൃതദേഹത്തിൽ പതിച്ചു.

അടുത്തിരുന്ന അമ്മ സോമനെ പിടിച്ചെഴുന്നേല്പിച്ചു സമാധാനപ്പെടുത്തി. "മകനേ ഞാൻ തെറ്റു ചെയ്തുപോയി—എനിക്കു മാപ്പു തരിക" എന്ന അച്ഛന്റെ അവസാനവാക്കുകൾ അമ്മ പറഞ്ഞു സോമൻ അറിഞ്ഞു. അതു കേട്ട മാത്രയിൽ സഹിക്കവയ്യാത്ത സങ്കടത്തോടെ "അച്ഛൻ എന്തപരാധമാണു ചെയ്തതു്? ഞാനല്ലേ അച്ഛനെ ധിക്കരിച്ചു് അവമാനിച്ചതു്?" എന്നു പറഞ്ഞു തേങ്ങി തേങ്ങിക്കരഞ്ഞു.

"നിനക്കുവേണ്ടി ജീവിച്ചിരുന്ന നിന്റെ അച്ഛനെ നീ ഒരിക്കലെങ്കിലും സന്തോഷിപ്പിച്ചിട്ടുണ്ടോ" എന്നൊരു ഭയങ്കര ചോദ്യം സോമന്റെ അന്തഃക്കരണത്തിൽ നിന്നും ഉയർന്നു. അതിനു മറുപടി പറയാൻ സോമനു കഴിഞ്ഞില്ല. ക്ഷന്തവ്യമല്ലാത്ത ആ അപരാധത്തെയോർത്തു് അവൻ പശ്ചാത്തപിച്ചു. ധാരധാരയായി പ്രവഹിച്ച കണ്ണുനീരിനു് അവന്റെ ആ അപരാധത്തെ മാർജ്ജനം ചെയ്യുവാൻ കഴിയുമോ എന്തോ?

* * * *

കാലം വീണ്ടും കുറെ കടന്നുപോയി. സോമൻ വിവാഹിതനായി. അവന്റെ

അമ്മ മരിച്ചു. കുടുംബഭാരത്തിന്റെ വിഷമങ്ങൾ അവൻ അറിഞ്ഞു തുടങ്ങി. അങ്ങനെ കഴിയവെ ഒരു ദിവസം ഭാര്യ പാടിയ താരാട്ടുപാട്ടിന്റെ മധുരസ്വരം അവന്റെ കർണ്ണപുടങ്ങളിൽ പതിച്ചു. അതു് അവനിൽ പല ഭൂതകാലചിന്തകളേയും ഉദ്ദീപിപ്പിച്ചു. “ഒരാൺകുഞ്ഞു് എനിക്കും ജനിച്ചിരിക്കുന്നു. അവനെ ഞാൻ എങ്ങനെ ശിക്ഷിച്ചു വളർത്തേണ്ടു. പക്ഷേ ഞാൻ അച്ഛനോടു കാണിച്ച മാതിരി അവൻ ചെയ്യുകയില്ലെന്നു് എന്തു നിശ്ചയം. കർമ്മഫലം ഇല്ലെന്നു് എങ്ങനെ വിചാരിക്കാം. അച്ഛന്റെ നിർദ്ദയമായ ശിക്ഷണത്തിൽ കഴിഞ്ഞു കൂടിയ ആ ദിവസങ്ങൾ എത്ര മനോഹരങ്ങളായിരുന്നു. കണ്ണുണ്ടായിരുന്നപ്പോൾ അതിന്റെ ഗുണം അറിയാൻ കഴിഞ്ഞില്ല”. ഇങ്ങനെ പലതും മനസ്സിൽ വിചാരിച്ചു നെടുവീർപ്പു വിട്ടതിനുശേഷം സോമൻ പറഞ്ഞു “അച്ഛൻ ഇന്നുണ്ടായിരുന്നു എങ്കിൽ..............”

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



COLLEGE ATHLETIC ASSOCIATION

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY



"കലാലയത്തിൽ"

*Staged on the anniversary of the Hostel Sodality, Pax Romana & Newman Association 1951-52.*

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# നമ്മുടെ കലാലയം.

(സി. ആർ. പത്മനാഭപിള്ള II. U. C.)

അങ്ങതാകാണെന്നില്ലേ? പച്ചിലപ്പടപ്പിലൂ-
ടങ്ങതാകാണാംനിങ്ങൾക്കാരമ്യഹർമ്മ്യങ്ങളെ.
വിണ്ണിനെച്ചുംബിക്കുന്നോരഗ്രഭാഗങ്ങൾ ചി
വെൺമേഘനിരകളെയിടയ്ക്കുതടയുന്നോ?[ല
ചെന്നിടാംനമുക്കങ്ങോട്ടേവരുംകീർത്തിക്കുന്നോ-
രുന്നതനിലയങ്ങൾ കണ്ടിടാം, രസിച്ചിടാം.
രാജപാതയിൽനിന്നു ദൂരെയാണെന്നാകിലും
രാജിക്കുന്നവ ചുററുംകാണുന്ന പച്ചയ്ക്കുള്ളിൽ
എത്തിഞാൻസായാഹ്നത്തിൽ, നിസ്തുല സൗന്ദര്യത്തിൽ
മത്താടി കളിക്കുവാൻ——കാണുവാൻ സൗന്ദര്യത്തെ!
ആരെയുംനിഷ്പന്ദരായ് നിർത്തീടാൻ കഴിവുണ്ടാ-
മാരിവില്ലുഴകാന്ത്വെൺമണിസൗധങ്ങൾക്കു

അങ്ങതാപടിഞ്ഞാറാനീലമാംസമുദ്രവും
മങ്ങിയോരിളംപച്ചച്ചേർന്നോരുതടങ്ങളും
ഔന്നത്യംകലരുന്നകുന്നുകളാരാൽ കാണാ-
മുന്നതനായഗജവീരൻെറ ഭാവംപോലേ.

പോയിഞാൻ മുന്നോട്ടേയ്ക്കു,ചാരത്തുചെന്നെത്തീഞാ-
നേറിയാനിലയത്തിലാകെഞാൻകണ്ണോടിച്ചു.
നിശ്ചലമെന്നാകിലുംനിസ്തുലതേജസ്സിൻെറ
സഞ്ചരന്ദവിഹാരമീവെൺഭിത്തിക്കൂടാരങ്ങൾ.

ധന്യമാംവിദ്യാശാലയെല്ലാപാടുംവെളിച്ചത്തെ
ത്തന്നുടെ സാന്നിദ്ധ്യത്തിൽചേർക്കുന്നയതിവശ്യൻ
മുന്നിലുണ്ടതാകാൺമൂ,പൂർവ്വദിഗ്ശൈലാഗ്രത്തിൽ
മന്നിനെപ്പൊന്നാക്കുവാൻവന്നെത്തുംരവിപോലെ.

വിജ്ഞാനവീചികളെവിദ്യാർത്ഥിഹൃദയത്തി
ലജ്ഞാനമകററുവാൻ,നിതരാം ചൊരിയുന്ന
മററുതാരകളുണ്ടു ചുററുമായ്,വയോധികൻ
മുററുമാമാല്യത്തിൻെറമദ്ധ്യമാംമണിത്തുനം.

ലോകത്തെയപ്പോഴപ്പോളുണർത്തിപ്രവർത്തിപ്പാ
നാകുന്നനേതാക്കളെ നൽകിക്കൊണ്ടനാരതം
എന്നുമീകലാശാലയജ്ഞാനതിമിരത്തെ
യുന്മൂലനാശംചെയ്തു വിജയിക്കട്ടെമേലിൽ!

# ★ നമ്മുടെ സ്വാതന്ത്ര്യം. ★

(P. R. K. Nair, II. U. C.)

ആഗസ്റ്റ് 15-ാംതീയതി സ്വാതന്ത്ര്യലഹരിയിൽ മതിമറക്കാത്ത ഇൻഡ്യക്കാരനാരുമില്ല. അശോകചക്രാങ്കിതമായ ജയക്കൊടി പാറിക്കളിക്കാത്ത ഒരിടമില്ല. സ്വാതന്ത്ര്യഗാനങ്ങൾ മുഴങ്ങാത്ത ഒരു മൂലയില്ല. അനേകം കോടി ജനങ്ങളുടെ ആഹ്ലാദപ്രകടനങ്ങൾ പല രൂപങ്ങളും കൈക്കൊണ്ടു് "മഹാത്മാഗാന്ധി കീ-ജയ് ജയ്ഹിന്ദ്" എന്നീ ജയാരവങ്ങളുടെ ഉൽഘോഷങ്ങളാൽ അന്തരീക്ഷം മുഖരിതമായി. നോക്കുന്നിടത്തെല്ലാം സ്വാതന്ത്ര്യപതാകകൾ അങ്ങനെ പാറിക്കളിച്ചു. ഉത്സാഹം അലതല്ലുന്ന അന്തരീക്ഷം ആവേശഭരിതമായ ജനക്കൂട്ടം ക്രമേണ ആ കോലാഹലങ്ങളെല്ലാം നിലച്ചു. ആ ദിവസവും പൂർവ്വഗാമികളായ മററുദിവസങ്ങളുടെ ഘോഷയാത്രയിൽ ചേർന്നുമറഞ്ഞു. ഭാവിയിലെ പ്രശ്നങ്ങൾ അവിടെ നിലകൊണ്ടു. പല പ്രശ്നങ്ങളെയും പല പുതിയ പരിതഃസ്ഥിതികളെയും ആ മുഹൂർത്തം സൃഷ്ടിച്ചിരിക്കുന്നു.

ഇൻഡ്യയുടെ രാഷ്ട്രീയനിലയ്ക്കു് മററു രാഷ്ട്രങ്ങളുടെ ദൃഷ്ടിയിൽ ഉണ്ടായിരുന്ന സ്ഥാനം പെട്ടെന്നു് ഉയർന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പു ലോകരാഷ്ട്രസമ്മേളനങ്ങളിൽ ഇൻഡ്യയുടെ ശബ്ദം ബ്രിട്ടൺമുഖേന, അതും ചിലപ്പോൾ, കേട്ടിരുന്നു. ബ്രിട്ടൺ രക്ഷാകർത്താവു്; ഇൻഡ്യ പ്രായപൂർത്തിവന്നിട്ടില്ലാത്ത ഒരു ശിശു; അങ്ങനെയായിരുന്നു ഇതര രാഷ്ട്രങ്ങളുടെ വിചാരം. ഇൻഡ്യയുടെ കാര്യങ്ങൾ പൂർണ്ണമായിത്തന്നെ അവഗണിക്കപ്പെട്ടിരുന്നു. അവളുടെ കാര്യങ്ങൾ ബ്രിട്ടൺ നോക്കിക്കൊള്ളും. ശരിയായി നോക്കിയില്ലെങ്കിൽ തർക്കിക്കുന്നതിനു, മററും ഇൻഡ്യാക്കാർക്കു് അവകാശമില്ല. 1947 ആഗസ്റ്റ് 15-ാം തീയതിയോടുകൂടി ആ നിലയ്ക്കൊരു മാററം വന്നു. ഇൻഡ്യ അവളുടെ കാലിൽത്തന്നെ നിലയുറപ്പിച്ചു. ഇൻഡ്യയുടെ കാലപരിമിതി ഒരു ദിവസംകൊണ്ടു് തിരിച്ചറിയാൻ സാധിക്കാത്തവിധം വളർന്നുകഴിഞ്ഞു. നമ്മുടെ ആശയങ്ങൾ നമുക്കുതന്നെ സർവ്വരാഷ്ട്രസമ്മേളനങ്ങളിൽ ധൈര്യപൂർവ്വം കൊണ്ടുചെല്ലാം. നമ്മുടെ ശക്തിയെ മററാർക്കും മേലിൽ അവഗണിക്കാൻ സാദ്ധ്യമല്ല. ഈ പുതിയ പരിതഃസ്ഥിതി ബാഹ്യമായി മാത്രമല്ല ആന്തരമായും മാററങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയസ്വാതന്ത്ര്യം സ്വതന്ത്രഭാരതത്തിന്റെ വീക്ഷണപരിതഃസ്ഥിതിയെ ചുരുക്കിയാൽ ആ സ്വാതന്ത്ര്യം കൊണ്ടു് പ്രയോജനമുണ്ടാകുകയില്ല.

ലോകം കാലം ചെല്ലുംതോറും ഒന്നായിക്കൊണ്ടിരിക്കയാണു്. ഇക്കാലത്തു് ഒരു ജനതയ്ക്കും ബാഹ്യലോകവുമായി വേറിട്ടുനിൽക്കാൻ സാദ്ധ്യമല്ല. ലോകത്തിലെ ഭിന്നരാഷ്ട്രങ്ങൾ തമ്മിൽ അത്രത്തോളം ബലമായ കെട്ടിപ്പിണഞ്ഞിരിക്കുന്നു. അടുത്ത ഭാവിയിൽത്തന്നെ ലോകത്തിലെ ഇതരരാഷ്ട്രങ്ങ

ളോടും സൗഹാർദ്ദം പുലർത്തേണ്ടതു് ഭാവി ഇൻഡ്യയുടെ ഐശ്വര്യത്തിനു് അനിവാര്യമാകുന്നു. രാഷ്ട്രീയവിജ്ഞാനത്തിൽ പുതിയ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാനുള്ള കഴിവുകൾ സ്വതന്ത്രഭാരതത്തിനുണ്ടു്. സമാധാനകാംക്ഷ, സഹനശക്തി എന്നിവ ഭാരതീയരുടെ കൂടപ്പിറപ്പുകളാണല്ലോ. ബ്രിട്ടീഷുകാരെ തള്ളിമാററാൻ വിജയകരമായി ഉപയോഗിച്ച അഹിംസയും അക്രമരാഹിത്യവും ലോകസമാധാനം പാലിക്കുന്നതിൽ ഉപയോഗിച്ചാൽ ഉണ്ടാകുന്ന സൽഫലങ്ങൾ അനേകമാണു്.

രാഷ്ട്രവിജ്ഞാനത്തിൽ സത്യം, ധർമ്മം എന്നിവയ്ക്കു് പാശ്ചാത്യരാജ്യങ്ങളിൽ സ്ഥാനമുണ്ടെങ്കിലും ലക്ഷ്യപ്രാപ്തിക്കായി ആദർശങ്ങളെ ബലികഴിക്കുകയാണു് അവരിൽ ചില നേതാക്കന്മാരുടെ നയം. അവയൊക്കെച്ചേർന്നു് ലോകത്തെ സർവനാശമാകുന്ന അഗാധഗർത്തത്തിന്റെ വക്കിൽ കൊണ്ടു നിർത്തിയിരിക്കുന്നു. ലോകത്തിൽ പല സ്ഥലങ്ങളിലും യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുള്ള ലക്ഷണങ്ങൾ അങ്ങിങ്ങായി കണ്ടുതുടങ്ങിയിട്ടുമുണ്ടു്. യുദ്ധോപയോഗത്തിനായി പലതരം പുതിയ മാരകായുധങ്ങൾ നിർമ്മിക്കുന്നതിൽ മത്സരമാണു് പലരിലും കാണപ്പെടുന്നതു്. ആധുനികശാസ്ത്രം പുതിയ കണ്ടുപിടിത്തങ്ങളിലേയ്ക്കു നീങ്ങുന്ന ഈ ഘട്ടത്തിൽ ശാന്തി സമാധാനം ഐക്യം എന്നീ മുദ്രാവാക്യങ്ങളുമേന്തി നില്ക്കുന്ന ഇൻഡ്യയുടെ പങ്കു് ലോകരാഷ്ട്രത്തിൽ എന്താണെന്നു് പാശ്ചാത്യർ ഉററു നോക്കിക്കൊണ്ടിരിക്കയാണു്. ഏഷ്യൻ രാജ്യങ്ങളുടെ നേതൃത്വംവഹിക്കുന്ന ഇൻഡ്യ ഏഷ്യൻ രാജ്യങ്ങൾക്കും, യൂറോപ്യൻ രാജ്യങ്ങൾക്കും ലോകസമാധാനം നേടാൻ ഒരു ഉപകരണയന്ത്രമായിത്തീർന്നിട്ടുണ്ടെന്നാണു് പലരുടേയും അഭിപ്രായം. ലോകം അവളെയാണു് ഇപ്പോൾ അതിലേക്കു് ഉററു നോക്കിക്കൊണ്ടിരിക്കുന്നതു്. അവൾ സമാധാനസമ്പാദനത്തിൽ ലോകരാഷ്ട്രങ്ങളുടെ ചുമതല വഹിക്കട്ടെ! ഇൻഡ്യയെ ലോകം ബഹുമാനിക്കട്ടെ! സമാധാനം പരമ ലക്ഷ്യമായി കരുതുന്ന ഇൻഡ്യാക്കാരായ നമുക്കു് ഗാന്ധിയുടെ കാൽച്ചുവടുകളെ പിൻതുടരാം.

ജയ് ഹിന്ദ്.

# JOKES.

## I. U. C.

അദ്ധ്യാപകൻ:—ശ്രീരാമൻ ആരായിരുന്നുവെന്നു കുട്ടപ്പനറിയാമോ?

കുട്ടപ്പൻ:—അതെ! ഒരു നല്ല പന്തുകളിക്കാരനായിരുന്നു.

അദ്ധ്യാ:—അതെങ്ങനെ മനസ്സിലായി?

കുട്ടപ്പ:—രാമായണത്തിൽ ആരണ്യകാണ്ഡത്തിൽ നോക്കുക. "രാമൻ ത്രിശിരസ്സിൻെറ ഉത്തമാംഗങ്ങൾ മൂന്നും മുറിച്ചു പന്താടിനാൻ" എന്നുണ്ടല്ലോ.

*   *   *

ഗായകൻ:—ഇന്നലെ എൻെറ സംഗീതം ഹാൾ മുഴുവൻ നിറഞ്ഞു പ്രവഹിച്ചതു ശ്രദ്ധിച്ചുവോ?

സ്നേഹിതൻ:—വാസ്തവം പറഞ്ഞാൽ അതിനു സ്ഥലമുണ്ടാകുവാനായി പലരും ഹാൾ വിട്ടിറങ്ങിപ്പോയി.

*   *   *

വാദ്ധ്യാർ:—ഹേ! ഉമാകേരളം എഴുതിയതാരാണു്?

വിദ്യാർത്ഥികൾ:—ഞങ്ങളാരുമല്ല സാർ.

*   *   *

പിതാവു്:—ഈ ചീത്ത നോവലൊന്നും വായിക്കരുതെന്നു നിന്നോടു ഞാൻ പറഞ്ഞിട്ടില്ലേ?

മകൻ:—പിതാവിൻെറ മേശപ്പുറത്തു നിന്നാണല്ലോ ഞാൻ ഇതെടുത്തതു്.

*   *   *

രാഘവൻ:—ഏതു ജന്തുവാണു് മനുഷ്യരെ കൂടുതൽ പ്രിയപ്പെടുന്നതു്?

സ്നേഹിതൻ:—സ്ത്രീ.

*   *

റവ്യൂഷൻമാസ്റ്റർ:—ആധുനികലോകത്തു സുഖജീവിതം നയിക്കുന്നതെങ്ങനെ?

ശിഷ്യൻ:—ആമാശയം ഇല്ലാതെ.

*   *   *

(ഒരു വൃദ്ധൻ ബസ്സിനു ററിക്കററു കൊടുക്കുന്ന സ്ഥലമാണെന്നു വിചാരിച്ചു ഒരു ഹോട്ടലിൻെറ കൗണ്ടറിൽ ചെല്ലുന്നു)

വൃദ്ധൻ:—ഹേ! കൊല്ലത്തേയ്ക്കു് എന്താണു ചാർജ്ജു്?

മാനേജർ:—രണ്ടൂണിനു 1 രൂപ 8 ണ. അപ്പോൾ ഒരു മാസത്തേയ്ക്കു 45 രൂപ; ഒരു കൊല്ലത്തേയ്ക്കു് 540 രൂപയാകും.

*   *   *

(ഒരു വയോവൃദ്ധനായ പരിഷ്കാരി തൻെറ മീശ കറുപ്പിച്ചുകൊണ്ടും തലയിൽ എപ്പോഴും തൊപ്പി ധരിച്ചുകൊണ്ടും ആണു് പുറത്തിറങ്ങുന്നതു്. ഒരിക്കൽ തൊപ്പി താഴെ വീണുപോയി)

ഒരു രസികൻ:—ഹലോ! നിങ്ങളുടെ മീശ കറുത്തിരിക്കുന്നു; എന്നാൽ മുടി വെളുത്തിരിക്കുന്നു.

വൃദ്ധൻ:—എൻെറ മീശയേക്കാൾ 20 കൊല്ലത്തെ പ്രായം കൂടുതലാണു് എൻെറ മുടിക്കു്. മുടിക്കു് 60 വയസ്സും മീശയ്ക്കു് 40 വയസ്സും മാത്രമേ പ്രായമുള്ളു.

*   *   *

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

റീച്ചർ:—പുസ്തകം തുറന്നുകൊണ്ടു്: ഇന്ന ലെ ഏതുവരെ പാഠിപ്പിച്ചു?

കുട്ടി:—4 മണിവരെ, സാർ.

* * *

അദ്ധ്യാപകൻ: —ഹേ ഭാസ്കർ! തിരുവനന്തപുരത്തെ ജനസംഖ്യ എന്താണു്?

ഭാസ്കർ:—അറിഞ്ഞുകൂടാ സാർ. ഞാൻ ഈയാണ്ടാണു് തിരുവനന്തപുരത്തുള്ള ഈ ഹോസ്റ്റലിൽ വന്നു ചേർന്നതു്.

* * *

പോലീസുകാരൻ:—കള്ളനോട്ടു് എടാ! നീ മോഷ്ടിച്ച സാധനം എവിടെ?

കള്ളൻ:—അങ്ങുന്നിൻെറ കൈയിൽ തന്ന പണസഞ്ചിയാണു് ഞാൻ മോഷ്ടിച്ചതു്.

* * *

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# കാളേജു നീണാൾ വിജയിക്കട്ടെ!

(ജാർജ്ജ് ജോൺ പി. II. U. C.)

തൊഴുകൈകൂപ്പുമൊട്ടേകീട്ടടിയൻ
വന്ദിക്കുന്നേൻ ജഗദീശ്വരനെ
തെററുകളൊട്ടും കൂട്ടാക്കാതെ
ഗുരുവരരാശിസ്സേകീടണമേ.
അല്പം കഥ ഞാനുരചെയ്തീടാം
എന്നോടാരും കോപിക്കരുതേ.

മുററം നല്ല മഹാജനമെല്ലാം
വന്നുനിറഞ്ഞീ ബഥനിക്കുന്നിൽ
ദോഷമകന്നോരിക്കുന്നിന്നുടെ
ഭൂഷണമൊന്നുണ്ടതുമുരചെയ്യാം.
റോഡിൽച്ചെല്ലാൻ നാഴികയൊന്നു-
ണ്ടിറങ്ങാനെത്താൻ കേററവുമാണേ.
എത്തിത്തീന്നാൽ നാകമൊടൊക്കും
എത്താൻ "വാനും" റെഡിയായുണ്ട്.
ശൈശവകാലം കാളേജിന്നഥ
ഉത്സവമായിത്തീന്നു കഴിഞ്ഞു.

കാളേജ് പണിയോ തീന്നിട്ടില്ലാ
ക്ലാസുകൾപലതും ഷെഡ്ഡിൽത്തന്നെ.
എന്നാലീ സാകല്യക്കുറവിൽ
ദുർമ്മുഖമുള്ള ജനങ്ങളതില്ല.
കല്മഷമില്ല, കശ്മലരില്ല
കമ്മങ്ങൾക്കൊരു ബാധകളില്ല
ചഞ്ചലമില്ല, ചപലതയില്ല
ചഞ്ചലമിഴിമാരെന്നതുമില്ല
നിന്ദകളില്ല, നിഷ്ഠുരമില്ല
നിന്നനിലയ്ക്കൊരിളക്കവുമില്ല
ഭീഷണിയില്ല ഭീതിയുമില്ല
ഭീഷണഭാഷണഘോഷമതില്ല
ഏഷണിയില്ല കൈമണിയില്ല
കൈമണിയടിയോ സാദ്ധ്യവുമല്ല
എന്നാലും ചില വിദ്വാന്മാരെ
കൈമണിയെന്നു വിളിക്കാറുണ്ട്.

മോഷണമെന്നതു പറയാൻപോയാൽ
"ബൾബുകൾ" ഒന്നോ രണ്ടോ മൂന്ന്.
മോഷ്ടാവെന്നൊരു നാമത്തിന്നായ
ചക്കരയുംകൊണ്ടോടിയൊരുത്തൻ
കുത്സിതമില്ല കുടിലതയില്ല
ചണ്ടികളാകിന കുട്ടികളില്ല
വ്യാകുലമില്ല വ്യാധികളില്ല
വ്യായാമം ചെയ്യാത്തവരില്ല.
യതൊ"രിസ്കങ്ങളു"മിച്ചേയില്ല
ഈശ്വരസേവകരല്ലാതില്ല.
പാമ്പുകളനവധിയുണ്ടെന്നാകിലും
വിഷഭയമെന്നതു ലേശവുമില്ല
വിഷമമതില്ല, പിഴകളുമില്ല
ഇവരുടെയെല്ലാം മാതാവാകിന
കാളേജ് നീണാൾ വിജയിക്കട്ടെ!!

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



College Champion (Seniors)

**M. J. Chandy IV U. C.**



College Champion (Intermediate)

**K. A. Chacko III U. C.**



Represented the University. Foot-ball.

**Thampy Mammen I. U. C.**

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY



*John Thomas, II U. C.* *M. V. George, II U. C.*
*Represented the University in Volly Ball.*

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



V. George, I. U. C. College Champian (Juniors)



A. Thomas, I U. C. Winner. Intercollegiate Sports.

# ചില യാഥാൎത്ഥ്യങ്ങൾ.

(കെ. എം. തോമസ് ബി. എ.)

യൌവ്വനംപോലെ അഭികാമ്യമായി മനുഷ്യജീവിതത്തിൽ മറെറാരു കാലഘട്ടമില്ല. ശക്തിയും, പ്രസരിപ്പും, സൌകുമാൎയ്യവും, പ്രവൎത്തനതല്പരതയുമെല്ലാം അതിൻെറ പ്രത്യേക സമ്പത്തുകളാണു്. പ്രകൃതിയുടെ നവചൈതന്യം ഇത്ര സഫലമായി മറെറാന്നിലും പ്രസരിക്കാറില്ല. പക്ഷെ ആ വളൎച്ചയുടെ മറവിൽ — സൌന്ദൎയ്യത്തികവിൽ — നശ്വരത എന്നൊന്നു് ഒളിഞ്ഞു കിടക്കുന്നുവെന്നൊരു വൈരുദ്ധ്യമുണ്ടു്.

ഒരു പ്രകാരത്തിൽ പറയുന്നപക്ഷം ജീവിതം ആരംഭിക്കുന്നതും അവസാനിക്കുന്നതും യൌവ്വനത്തിൽതന്നെയാണു്. അനുഭവങ്ങളാണല്ലോ മനുഷ്യൻ ലഭിക്കുന്ന ഏററവും വലിയ ഗുണപാഠങ്ങൾ. എന്നാൽ അനുഭവങ്ങളിൽനിന്നു കാൎയ്യമായി വല്ലതും ഗ്രഹിക്കത്തക്കവണ്ണം ദീൎഘമോ ചിന്താശക്തമോ ആയ ഒരു ബാല്യം പ്രകൃതി മനുഷ്യനു നൽകിയിട്ടില്ല. അതുകൊണ്ടു് അഭ്യസനവും നടനവും രണ്ടും യൌവ്വനത്തിൽത്തന്നെ നിൎവ്വഹിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ യൌവ്വനത്തിൻെറ പ്രാധാന്യം ദ്വിഗുണീഭവിക്കുന്നു.

ജന്മസാഫല്യമാണല്ലോ മനുഷ്യത്വത്തിൻെറ പരമമായ ഉദ്ദേശ്യം. ഈ പ്രപഞ്ചപരിധിക്കുള്ളിൽ മനുഷ്യജീവിതം പോലെ ശ്രേഷ്ഠത്വം കല്പിക്കാവുന്നതായി വേറെ ഏതെങ്കിലുമില്ല. ജീവിതൌന്നത്യമാകട്ടെ യാദൃച്ഛികമോ ഒരു അത്ഭുതമോ (miracle) അല്ല. നിരന്തരമായ ധാൎമ്മികപോരാട്ടത്തിൻെറ ഒരു ആത്യന്തികഫലം മാത്രമാണു് അതു്. അതുകൊണ്ടു്, പരിശീലനകാലഘട്ടം കൂടിയായ യൌവ്വനം ചിന്താവിഹീനമോ ഗുണദോഷശ്രവണവിമുഖമോ ആയിരിക്കുന്നതു ബുദ്ധിപൂൎവ്വകമല്ല.

ബാല്യത്തിലെ പല ഗുണങ്ങളും ദോഷങ്ങളും അതേപടി യൌവ്വനത്തിലേയ്ക്കു കടന്നുകൂടും. അതുകൊണ്ടു്, ജീവിതോൽകൃഷ്ട്യത്തിനു വേണ്ടി പരിഹരിക്കപ്പെടേണ്ട പല പോരായ്മകളും യുവത്വത്തിനുണ്ടു്. ഈ കുറവുകളിൽ ചിലതു് വാൎദ്ധക്യത്തിലേക്കു നീണ്ടുപോകാവുമുണ്ടു്. "പ്രായാധിക്യം" എല്ലാവരേയും സംബന്ധിച്ചു് ദോഷവിഹീനമല്ലല്ലോ. അശ്രദ്ധമായ ഒരു യൌവ്വനമാണു് ഇക്കാൎയ്യത്തിൽ അപരാധി. വ്യക്തിത്വപ്രകടനത്തിനു് യുവത്വം പലപ്പോഴും വെമ്പൽ കൊള്ളുന്നതു കാണാം. മനഃശാസ്ത്രപരമായി ചിന്തിക്കുമ്പോൾ ഇതു് ഒരു കുററമല്ലെന്നു തോന്നുന്നു. നടപ്പിലും, ഇരിപ്പിലും, വാക്കിലും, പ്രവൃത്തിയിലുമെല്ലാം യൌവ്വനം മേന്മ തേടും. ഇങ്ങനെ പ്രകൃതിയുടെ മനോഹരതയ്ക്കു യുവത്വം മാററു കൂട്ടുന്നുണ്ടു്. സ്നേഹിക്കുന്നതുപോലെ സ്നേഹിക്കപ്പെടുന്ന

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

തിനാണ് യൗവ്വനം കാംക്ഷിക്കുന്നത്. എങ്കിലും ബഹുമാനിക്കപ്പെടുന്നതിനേക്കാൾ കൂടുതലായി ബഹുമാനിക്കുന്നതിന് അതു് എപ്പോഴും തയ്യാറാണ്. സാരമായ ചിന്ത കൂടാതെയുള്ള അനുകരണത്തിനു യുവത്വം ചിലപ്പോഴെല്ലാം സന്നദ്ധമാകാറുണ്ട്. പുതിയ പുതിയ ആദർശങ്ങൾക്ക് യുവഹൃദയങ്ങളിലാണല്ലോ പ്രാബല്യം സിദ്ധിക്കുന്നത്. ഇക്കാര്യത്തിൽ "പ്രായാധിക്യം" എപ്പോഴും മെച്ചമായിരിക്കുമെന്നു പറയാവുന്നതല്ല. "പുതുമ" എന്ന പേരിൽ പ്രയോജനകരങ്ങളായ പലതിനേയും "യഥാസ്ഥിതികത്വം" തിരസ്കരിച്ചു കളയാറുണ്ടല്ലോ. "പുതുമ" എന്ന പേരിൽ അപകടകരങ്ങളായ പലതിലും യൗവ്വനം ആവേശം കൊള്ളാറുമുണ്ട്.

സ്വാതന്ത്ര്യം മനുഷ്യന്റെ ജന്മാവകാശമാണ്. യുവത്വം അതു വളരെയധികം കാംക്ഷിക്കുന്നുണ്ടു താനും. അധഃകരിക്കപ്പെട്ട ഒരു മനഃസ്ഥിതി മനുഷ്യനിലുള്ള എല്ലാ നല്ല ഗുണങ്ങളേയും നശിപ്പിച്ചുകളയും. എന്നിരുന്നാലും സ്വാതന്ത്ര്യത്തിന്റെ ബുദ്ധിപൂർവ്വകമല്ലാത്ത വിനിയോഗം ഗുണത്തേക്കാൾ കൂടുതൽ ദോഷത്തെയാണ് വരുത്തുക. ചിന്തകളേയും കഴിവുകളേയും ശരിയായി നിയന്ത്രണാധീനമാക്കി പ്രവർത്തിച്ചവരാണ് ലോകത്തിൽ മഹാന്മാരായിത്തീർന്നിട്ടുള്ളവരെല്ലാം തന്നെ. യന്ത്രത്തിലടച്ചു നിയന്ത്രണാധീനം ആക്കപ്പെടുമ്പോഴാണല്ലോ നീരാവിക്കു ശക്തി ലഭിക്കുന്നതും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയുന്നതും.

സ്തുത്യർഹമായ ജീവിതത്തിന് അവശ്യം ആവശ്യമായ ഗുണങ്ങളിൽ ഒന്നു വിവേചനാപാടവമാണ്. അനുഭവപാഠങ്ങളുടെ അഭാവമുള്ളിടത്തു് ഈ ഗുണം വളരെ കുറയും. എങ്ങിനെയുള്ള ഒരു ലോകത്തിലാണ് തങ്ങൾ ജീവിക്കുന്നതെന്നും, ചുറ്റുപാടുകളുടെ മദ്ധ്യത്തിൽ തങ്ങൾക്കുള്ള സ്ഥാനമെന്തെന്നും അവകളോടു തങ്ങൾക്കുള്ള ബന്ധമെന്തെന്നും ശരിയായി വിവേചിച്ചറിയുന്നതിനു പലർക്കും കഴിയുന്നില്ല; അല്ലെങ്കിൽ പലരും അതിനുവേണ്ടി ക്ലേശിക്കുന്നില്ല. പരിസരവിജ്ഞാനക്കുറവുകൊണ്ടു് അനേകം ജീവിതങ്ങൾ പരാജയപ്പെട്ടിട്ടുണ്ടായിരിക്കണം, സാമ്രാജ്യങ്ങൾ തന്നെ അധഃപതിച്ചിട്ടുണ്ടായിരിക്കണം. വിനയം, ആത്മസംതൃപ്തി, സമസ്തസൃഷ്ടസ്നേഹം, ആസ്തിക്യബോധം ആദിയായി പല വിശിഷ്ടഗുണങ്ങളും ഇത്തരമൊരു വിചിന്തനത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. സേവനതല്പരതയും ത്യാഗസന്നദ്ധതയും അവയുടെ അനന്തരഫലങ്ങൾ മാത്രമാണ്. ശരിയായി ആലോചിച്ചാൽ ലോകത്തിലുണ്ടാകുന്ന അധികം ദുഃഖങ്ങൾക്കും നൈരാശ്യങ്ങൾക്കും കാരണം വിവേചനാശക്തിയുടെ ദുർബലത്വമാണെന്നു മനസ്സിലാക്കാവുന്നതാണ്.

സമുദ്രത്തിൽ ചെന്നു ചേരുന്ന ഒരു നദിയെക്കുറിച്ചു ചിന്തിക്കുക. സംസാരിക്കുന്നതിനു കഴിവുണ്ടെങ്കിൽ ആ നദി പറയും "എന്റെ ശക്തി എത്ര നിസ്സാരമാണ്. ഒരു ചെറിയ ചെടിയെ ചലിപ്പിക്കുന്നതിനുപോലും എനിക്കിവിടെ കഴിവില്ല. ഇങ്ങനെ ഒന്ന് (ഞാൻ) വന്നു ചേർന്നതായിട്ടുപോലും ഈ മഹാസമുദ്രം ഗൗനിക്കുന്നില്ല. നിമിഷംപ്രതി ഞാൻ ഒഴുക്കിക്കൊണ്ടു വരുന്ന അളവില്ലാത്ത ജലം ഈ വിശാലസമുദ്രത്തിൽ കേവലം നുരകളായി പരിണമിക്കുന്നതിനുപോലും മതിയാകുന്നില്ല. വൻവൃക്ഷങ്ങൾ വീഴ്ത്തി, പാറക്കെട്ടുകൾ ഇളക്കി തീരങ്ങൾ തകർത്തു് ഒഴുകിക്കൊണ്ടിരുന്ന എനിക്കു ഇപ്പോഴല്ലേ യാഥാർത്ഥ്യം മനസ്സിലാകുന്നുള്ളൂ" എന്ന്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഓരോരുത്തനുമുള്ള വ്യക്തിമാഹാത്മ്യത്തെയോ കഴിവുകളെയോ മേൽപ്പറഞ്ഞ ഉദാഹരണം അവഗണിക്കുന്നില്ല. അവനവനെക്കുറിച്ചു ശരിക്കു മനസ്സിലാക്കുകയെന്നുള്ളതാണ് ഏറ്റവും വലിയ അറിവ്. അന്യമായവയെ നിന്ദിക്കുന്നതിനോ, അല്ലാത്തതു ഭാവിക്കുന്നതിനോ, അപ്രാപ്യമായ വസ്തു വേണ്ടി യത്നിക്കുന്നതിനോ, അതു നിങ്ങളെ അനുവദിക്കയില്ല.

ജീവിതത്തിലെ "ലക്ഷ്യ"മെന്തെന്നു ചോദിച്ചാൽ യുവഹൃദയങ്ങൾ ശരിയായി ഉത്തരം പറയുമെന്നു തോന്നുന്നില്ല. അങ്ങനെയൊന്ന് മിക്കവാറുംപേർക്ക് അജ്ഞാതമാണ്. അല്ലെങ്കിൽ പലരും ആ ഭാരം രക്ഷാകർത്താക്കളെയോ മറ്റോ ഭരമേല്പിച്ചിരിക്കയാണ്. പ്രാപ്യസ്ഥാനം നിർണ്ണയിക്കാതെ ഒരു കപ്പിത്താനും സമുദ്രത്തിലേയ്ക്ക് പ്രവേശിക്കയില്ല. ചുക്കാനോ നിയന്ത്രിക്കുന്നതിന് ആളോ ഇല്ലാത്ത കപ്പൽ സമുദ്രമദ്ധ്യത്തിൽ അലയുകയേയുള്ളല്ലോ. കൊളംബസ്സിന് അമേരിക്ക കണ്ടുപിടിക്കുവാൻ സാധിച്ചുവെങ്കിൽ അതു് ഒരു യാദൃച്ഛികസംഭവം മാത്രമായിരുന്നു.

കർത്തവ്യമെന്നൊന്നില്ലെങ്കിൽ ആരുടേയും സഹായം കൂടാതെ നിഷ്പ്രയാസം നിർവഹിച്ചുകൊള്ളാവുന്ന ഒന്നായിട്ടാണ് പലരും ജീവിതത്തെക്കുറിച്ച് ചിന്തിക്കാറുള്ളതു്. ശ്രേഷ്ഠമായ ജീവിതം നിരന്തരയത്നംകൊണ്ട് സാധിപ്പാനുള്ളതാകുന്നു. ശത്രുമദ്ധ്യത്തിലുള്ള ഒരു കൊത്തളത്തിലേയ്ക്ക് ഏകാകിയായി ജൈത്രയാത്ര നിർവഹിക്കുന്നതിന് തുല്യമാണ് അതു്. ശക്തിയായ ഒഴുക്കിനെതിരായി തീവ്രയത്നം ചെയ്തു വിജയം കൈവരിച്ചിട്ടുള്ളവരാണല്ലോ ലോകത്തിന് ആരാധനാപാത്രങ്ങളായി പരിണമിച്ചിട്ടുള്ള മഹാത്മാക്കളെല്ലാം.

ഭാഗ്യംകൊണ്ടു ലഭിച്ചതാണ് ഈ മനുഷ്യജന്മം. അതിനെക്കുറിച്ച് കാര്യമായി ചിന്തിക്കാതിരിക്കുന്നതു് അത്ഭുതങ്ങളിൽ ഒന്നുതന്നെയാണ്. രാത്രിയുടെ ഭയാനകതയിൽ നിങ്ങൾ തനിയെ ഒരു വനാന്തരത്തിൽ അകപ്പെട്ടുപോയി എന്നു വിചാരിക്കുക. മാർഗ്ഗമറിഞ്ഞ് ജനവാസമുള്ളിടത്തേയ്ക്കു രക്ഷപ്പെടുന്നതിന് കൈവശമുള്ള വിളക്കു കത്തിക്കണം. തീപ്പെട്ടി എടുക്കുമ്പോൾ അതിൽ ഒരു കമ്പു മാത്രമേയുള്ളു. കൊടുങ്കാറ്റു വീശിക്കൊണ്ടുമിരിക്കുന്നു. ആ ഒരു കമ്പു നിങ്ങൾ എങ്ങനെയായിരിക്കും ഉരസുക? നിങ്ങളുടെ ജീവനും ഭാവിയുമെല്ലാം അതിനെ മാത്രമാണല്ലോ ആശ്രയിച്ചിരിക്കുന്നതു്. കൈവശമുള്ള സകലവും ഉപയോഗിച്ച്, പച്ചിലകളും മറ്റുംകൂട്ടി, കഴിയുംവിധം ഭദ്രമായ മറവുണ്ടാക്കി ശ്വാസമടക്കി ഏറ്റവും സൂക്ഷ്മതയോടുകൂടി മാത്രമല്ലേ നിങ്ങൾ ആ കമ്പു ഉരസുകയുള്ളു? ഇതുപോലെ എത്രയും ബുദ്ധിപൂർവകമായും കരുതലോടുകൂടിയും നയിക്കപ്പെടേണ്ടതാണ് മനുഷ്യജീവിതം.

പ്രകൃതിയിലുള്ള ശക്തികളൊന്നും അതതിനു വേണ്ടിയല്ല സ്ഥിതിചെയ്യുന്നതു്. സൂര്യൻ സൂര്യനുവേണ്ടിയോ ചന്ദ്രൻ ചന്ദ്രനുവേണ്ടിയോ അല്ല നിലകൊള്ളുന്നതു്. പ്രപഞ്ചത്തിലുള്ള സകലത്തിനേക്കാളും വിലയേറിയതായി എന്തെങ്കിലുമൊന്നുണ്ടെങ്കിൽ അതു മനുഷ്യജീവിതമാകുന്നു. മഹത്തായ മനുഷ്യജന്മത്തെ പാഴാക്കിക്കളയുന്നതു് ബുദ്ധിഹീനതയാണ്, അക്ഷന്തവ്യവുമാണ്. തന്നെയുമല്ല നാം അർഹിക്കാത്തതിനെ പ്രാപിച്ചവരെന്നു വരികയുമരുതല്ലോ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# പ്രഥമാദ്ഭുതം.

(പി. ടി. തോമസ്സ്, II U. C.)

('മലയപ്പുലയനാ മാടത്തിൻ മുററത്ത്'—എന്ന മട്ട്)

പച്ച പുതച്ചൊരു കുന്നിൻപുറങ്ങളും
മെച്ചമേറും ശൈലപാർശ്വങ്ങളും
പൂവണിവല്ലീകദംബങ്ങളും മഞ്ജു-
ഗാനം മുരളും മധുപങ്ങളും
വെൺനുര ചിന്നിയൊഴുകും പുഴകളും
പൂന്തെന്നൽ മൂളുന്ന സംഗീതവും
ഏവമഴകു വഴിഞ്ഞൊഴുകീടുമബ്-
ഭൂവിൻെറ കണ്ണാം "കനാവി"ലായി
രണ്ടുസഹസ്രാബ്ദമപ്പുറത്തുള്ളൊരു
കാലത്തിലെയ്യൊന്നു കണ്ണയയ്ക്കാം.
കാണുന്നുനാമൊരു കല്യാണമണ്ഡപം
കണ്ണിന്നു കൗതുകമേറെ നൽകും
തിക്കും തിരക്കും ബഹളവുമഗ്ഗൃഹ-
മുഖരിതമാക്കുന്ന മാനുഷർക്കു.
അപ്പോഴവിടത്തിലാഗമിച്ചീടിനാൻ
അപ്രമേയാഭനാം ദിവ്യനേകൻ.
മാതാവൊടൊത്തു മനം തണുപ്പിച്ചൊര-
ത്തേജസ്വിയെക്കണ്ടു കൈകൂപ്പിനോർ.
ആരവർ! ശ്രീയേശുനാഥന്നമ്മയാം
കന്യകാമേരിയും തന്നെയല്ലോ.

*　　*　　*　　*

കല്യാണശാലയിലാഗതരായവർ
സദ്യയ്ക്കിരുന്നു ക്ഷണിച്ചനേരം
സ്വാദുതികഞ്ഞ വിഭവങ്ങളൊക്കെയും
ചാരെനിന്നങ്ങു വിളമ്പിയപ്പോൾ.
വീഞ്ഞുവിളമ്പിക്കഴിഞ്ഞുമുഴുവനും
എങ്കിലുമൊട്ടുപേർ ബാക്കിവന്നു.
കല്യാണക്കാരനിക്കാര്യമറിയവേ
കാണികളേവരും ഭയസ്തബ്ധനായി.
പാചകരൊക്കെ വിഷണ്ണരായ് തീർന്നധി-
കാരിവൃന്ദങ്ങൾ പകച്ചുപോയി.
അങ്ങിങ്ങുമൊട്ടിട്ട പുഞ്ചിരി വിലസിയ
പൂമുഖം തൻ്റെതുകം നഷ്ടമായി.
പൂക്കളെച്ചുംബിച്ചു നീങ്ങിയമാരുതൻ
നിശ്ചലം നിന്നുപോയ് ചെററുനേരം.

*　　*　　*　　*

കന്യകാമേരിയിൽ ഭീകരമീരംഗ-
മൊന്നോടെ ചെന്നങ്ങലയ്ക്കുകയാൽ
തൻപുത്രനോടിതു ചൊന്നവൾ സാദരം
പുത്രനോ, നേരമായില്ലെന്നോതി.
എങ്കിലും വേഗമങ്ങാറു പാത്രങ്ങളിൽ
തണ്ണീർ നിറയ്ക്കുവാനേകിയാജ്ഞ.
ഏററമുൽക്കണ്ഠയോടാറു ഭരണിനീർ-
കോരിയീശോയുടെ മുൻപിൽ വച്ചാർ.
വാഴ്ത്തിജ്ജഗത്ത്രയം സൃഷ്ടിച്ചപാണിയാൽ
വാരിയെ വീഞ്ഞാക്കിമാററിയേവം
സ്വാദേററമേറുമാവീഞ്ഞു വിരുന്നിന-
ങ്ങാചകരാനന്ദപൂർവ്വം നല്കി.
ആശ്ചര്യവൃത്തിയിലാദ്യത്തേതങ്ങനെ
ഈശോമിശിഹാ വെളിപ്പെടുത്തി.
ഈവിധമത്ഭുതവൃത്തിയാൽ ക്രിസ്തുവിൻ
ദൈവത്വം മാനുഷർ വിശ്വസിച്ചു.



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY